# പതിനാലാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5419** **26.03.2018-ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ആർ. രാജേഷ് | | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മാവേലിക്കര മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണത്തിന് ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) | തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന മാവേലിക്കര മണ്ഡലത്തിൽ 9 റോഡുകളുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സമർപ്പിച്ചു. ഇതിൽ 8 റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. 3 പ്രവൃത്തികൾ പൂർത്തീകരിച്ചു. 3 റോഡ് പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 2 റോഡ് പ്രവൃത്തികൾ ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് |
| ബി) പ്രസ്തുത വകുപ്പുകൾ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയ പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കുമോ; | ബി) സി) & ഡി) | തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാക്കിയ പ്രവൃത്തികളുടെ വിശദവിവരം നിലവിലെ സ്ഥിതി ഉൾപ്പെടെ ചുവടെ ചേർക്കുന്നു |
| സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം വിശദമാക്കുമോ; | | |
| ഡി) പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | |

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക ( ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പ്രായിക്കര തറയിൽ-മുക്ക് കടത്തുകടവ് റോഡ് | 28.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | വള്ളിക്കുന്നം പള്ളിക്കത്തറ -കൊട്ടാരത്തിൽമുക്ക് റോഡ് | 16.96 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | വിവേകാനന്ദ ജംഗ്ഷൻ-മാവോലിമുക്ക് ടി.എ കനാൽ എസ്.എൻ.ഡി.പി ഹൈസ്കൂൾ റോഡ് | 34.45 | പ്രവൃത്തി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 4 | ആശാൻമുക്ക്-ഏലിയാസ് നഗർ റോഡ് | 22.79 | 10% പ്രവൃത്തി പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 5 | നൂറനാട് പുലിമേൽ ചുനക്കര ബണ്ട് റോഡ് | 104.00 | 5% പ്രവൃത്തി പൂർത്തിയായി. ശേഷിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 6 | കല്ലിൽക്കുന്നിൽ മുക്ക് കമ്പിളുമല പള്ളി റോഡ് | 77.91 | പ്രവൃത്തി കരാർ വച്ച് പണി ആരംഭിച്ചിട്ടുണ്ട്. |
| 7 | വള്ളിക്കുന്നം-കാഞ്ഞിരത്തുംമൂട് പുത്തൻചന്ത റോഡ് | 46.00 | ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 8 | താമരക്കുളം ജംഗ്ഷൻ-നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 9 | വള്ളിക്കുന്നം പഞ്ചായത്തിലെ പടയണിവട്ടം മണാട്ടുകുളം റോഡ് | | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സർക്കാരിലേയ്ക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയിട്ടില്ല |

**സെക്ഷൻ ആഫീസർ**